ലക്കം 36

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## ദൈവം നമ്മുടെ സങ്കേതം

*'ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയും ആകുന്നു."* – സങ്കീ. 46:1

എന്തുകൊണ്ടാണ് നമുക്ക് ഒരു സങ്കേതം ആവശ്യമായി വരുന്നത്? ജീവിതത്തിൽ കഷ്ടതയും ദുഃഖവും ദുരിതവുമൊക്കെ രക്ഷിക്കപ്പെട്ട ദൈവമക്കളിൽ നിന്നും ഒഴിവായിപോകത്തില്ലേ? "ഇല്ല" എന്നു തന്നെയാണതിന്റെ ഉത്തരം. നിത്യമായ ശിക്ഷാവിധിയിൽ നിന്നുമുള്ള സ്വാതന്ത്ര്യവും പാപത്തിൽ നിന്നുമുള്ള മോചനവും എന്ന അത്ഭുതകരമായ ജീവിതം തന്നെയാണ് രക്ഷിക്കപ്പെട്ട നമുക്കുള്ളത്. ആന്തരീക സമാധാനവും സന്തോഷവും പരിശുദ്ധാത്മ നിറവിന്റെ അനുഗ്രഹവും നിത്യജീവനെക്കുറിച്ചുള്ള പ്രത്യാശയുമുള്ള അനുഗ്രഹിക്കപ്പെട്ട ജീവിതം തന്നെയാണത്. എങ്കിലും പാപപങ്കിലമായ ഈ ലോകത്ത് ജഡശരീരവുമായാണ് നാം ജീവിക്കുന്നതെന്നോർക്കണം. ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ദൈവമഹത്വത്തെ നാം തിരിച്ചറിയേണമെന്ന് ദൈവം ആഗ്രഹിക്കുന്നു. പ്രശ്ന കലുഷിത ജീവിതത്തെ നാം അഭിമുഖീകരിക്കുമ്പോഴാണ് ദൈവം ഒരുക്കുന്ന സങ്കേതവും അഭയവം നാം മനസ്സിലാക്കുകയുള്ളു.

കഷ്ടകാലത്തുള്ള അഭയത്തിന്റെ ആനന്ദം എത്ര മധുരമാണ്. സങ്കീ. 46 ജീവിതത്തിലെ പ്രായസവേളയിൽ മനസ്സു തകരുമ്പോൾ എത്രയോ ആശ്വാസമാണ് ദൈവീക കരുതലും അഭയവും. സങ്കേതം എന്ന വാക്കിന് അഭയസ്ഥാനം, ആശ്രയസ്ഥലം, സംരക്ഷണസ്ഥലം എന്നൊക്കെ അർത്ഥങ്ങളുണ്ട്. അനേകർ പ്രതികൂല സാഹചര്യങ്ങളിൽ ഇഹലോക മനഷ്യർ എന്തെല്ലാം മാർഗ്ഗങ്ങളാണ് അഭയത്തിനായി ആശ്രയിക്കുന്നത്. എന്നാൽ ദൈവമക്കളുടെ ജീവിതത്തിലുണ്ടാകുന്ന കഷ്ടതയുടെയും പരിശോധനയുടെയും കാലത്തും ദൈവാശ്രയവും അഭയവും കരുതലും എത്രയോ തവണ നമുക്ക് ആലംബമാണ്, ആശ്വാസമാണെന്നുള്ള വസ്തുത നമ്മുടെ ഓരോരുത്തരുടേയും അനുഭവമാണ്. പലരുടെയും ജീവിതത്തിൽ പ്രതിബന്ധങ്ങളിലൂടെ കടന്നുപോകുമ്പോൾ ബാഹ്യമായി ഒരു കുഴപ്പവുമില്ലെന്ന് പുറമേ കാണിക്കുമെങ്കിലും ആന്തരീകമായ സംഘർഷങ്ങളിൽപ്പെട്ടുഴലുന്നവരാകാം. എന്നാൽ ദൈവമക്കളായ നമുക്ക് ദൈവസന്നിധിയിലാണ് സർവ്വപ്രശ്ന പരിഹാരവും സാധിക്കുന്നത്. അതാണ് യഥാർത്ഥ അഭയവും ആശ്വാസവും കരുതലും. ക്ഷീണിതരും മുറിവേറ്റവരുമായ നാം അവന്റെ അടുക്കലേക്ക് അഭയത്തിനായി ഓടി അടുത്തുവരാനായി ദൈവം കാത്തിരിക്കുകയാണ്. കഷ്ടങ്ങളിൽ അവൻ "ഏറ്റവും അടുത്ത തുണ" തന്നെ. നാം പലപ്പോഴും ആശങ്ക, ആകുലത, പ്രയാസം എന്നിവയിൽ ആടി ഉലയുമ്പോൾ ദൈവം തക്കസമയത്ത് നമ്മെ സഹായിപ്പാൻ മതിയായവൻ തന്നെ.

കർത്താവിന്റെ അഭയവും സംരക്ഷണവും അടുത്തറിഞ്ഞ പ്രവാചകനായ യെശയ്യാവ് ഇപ്രകാരം പറയുന്നു. "നീ എളിയവന് ഒരു ദുർഗ്ഗവും ദരിദ്രന് അവന്റെ കഷ്ടത്തിൽ ഒരു കോട്ടയും കൊടുങ്കാറ്റിൽ ഒരു ശരണവും ഉഷ്ണത്തിൽ ഒരു തണലും ആയിരിക്കുന്നു. (യെശയ്യ. 25:4) ഓളങ്ങളും തിരമാലകളും ആഞ്ഞടിക്കുമ്പോൾ ദൈവം നമുക്ക് ഒരു സങ്കേതം തന്നെ. പ്രീയ ദൈവപൈതലേ നീ ഒറ്റക്കല്ല, ഇന്ന് നീ അഭിമുഖീകരിക്കുന്ന പ്രയാസഘട്ടത്തിൽ നിന്നെ കരുണയോടുകൂടി മാറോടു അണയ്ക്കുന്ന ദൈവം നിന്റെ കൂടെയുണ്ട്. അവൻ നിന്റെ കൂടെയുണ്ടെന്ന് വാക്കു നൽകുന്നവൻ തന്നെ. "ഇപ്പോഴോ യാക്കോബേ നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഭയപ്പെടേണ്ട ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു. ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ളവൻ തന്നെ. നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്റെ കൂടെ ഇരിക്കും. നീ നദിയിൽ കൂടി കടക്കുമ്പോൾ അവ നിന്നെ മൂടികളയുകയില്ല. നീ തീയിൽ കൂടി



**"പ്രീയ ദൈവപൈതലേ നീ ഒറ്റക്കല്ല, ഇന്ന് നീ അഭിമുഖീകരിക്കുന്ന പ്രയാസഘട്ടത്തിൽ നിന്നെ കരുണയോടുകൂടി മാറോടു അണയ്ക്കുന്ന ദൈവം നിന്റെ കൂടെയുണ്ട്. അവൻ നിന്റെ കൂടെയുണ്ടെന്ന് വാക്കു നൽകുന്നവൻ തന്നെ."**


പത്രാധിപലേഖനം 3

ദൈവത്തിന്റെ വാഗ്ദത്തങ്ങൾ 4-5
നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന 5

സംശയത്തിൽ നിന്ന് നിങ്ങളുടെ ഹൃദയകവാടങ്ങൾ അടയ്ക്കുക.
സൂര്യോദയത്തെ അഭിമുഖീകരിക്കുന്നു.
കഷ്ടതയിലും പാടുന്നവർ. 6

പരാജയത്തിൽ നിന്ന് വിജയത്തിലേക്ക്.
നിങ്ങളുടെ വിശ്വാസത്താൽ വികാരങ്ങളെ നിയന്ത്രിക്കുക. 7

നിങ്ങൾക്കറിയാമോ?
തക്കസമയത്തെ വാക്ക് 8

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16–17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37–40, യോഹ. 14: 21–23,
1 യോഹ. 4: 7–11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3–7, 2 കൊരി. 5: 17,
റോമർ 6 : 1–4, എഫെ. 2: 1, 5–6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8–9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73–75, എബ്രാ. 12:14,
1 പത്രൊ. 1: 15–16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20–21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4–7, എഫെ. 4: 4–6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20–23, ഗലാ. 3: 28,
വെളി. 18: 2–4

**ചട്ടങ്ങൾ**
മത്താ. 28: 19–20, 26: 26–30, 1 കൊരി. 11: 23–27,
യോഹ. 13: 14–17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4–5,
യാക്കോബ് 5: 13–16

**വിവാഹശുശ്രൂഷ**
മത്താ. 19: 5–6, ലൂക്കോ. 16: 18,
റോമർ 7: 2–3, 1 കൊരി. 7: 10–11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9–10, 1 കൊരി. 11: 14–15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7–12, യോഹ. 5: 28–29,
2 കൊരി. 5: 10, മത്താ. 25: 31–46

**സാമാധാനവാദം:**
ലൂക്കോസ് 6: 27–29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23–24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

നടന്നാൽ വെന്തുപോകയില്ല. അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയില്ല. നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ. (യെശ.43:1–3) നദികൾ ഇല്ലെന്നോ, തീ ഇല്ലെന്നോ, ദൈവീക വാഗ്ദാനത്തിലില്ല, പ്രത്യുത നദി പോലെയുള്ള പ്രതിസന്ധികളും അഗ്നിജ്വാലപോലെയുള്ള പരിശോധനകളും നമ്മെ മൂടിക്കളയുകയില്ലെന്നതാണ് ദൈവത്തിന്റെ വാഗ്ദാനം. ദൈവം നമ്മോടുകൂടെയുണ്ടാകും.

ദൈവം നമ്മുടെ സങ്കേതവും ബലവുമെന്ന് ദാവീദ് തുടർന്ന് പറയുന്നു. “അതുകൊണ്ട് ഞാൻ ഭയപ്പെടുകയില്ല”.... ആത്മീക പോരാട്ടത്തിൽ മാത്രമല്ല, ശാരീരികമായ സാമ്പത്തികമായ എല്ലാ പ്രശ്ന കലുഷിത സന്ദർഭങ്ങളിലും നാം അഭിമുഖീകരിക്കുന്ന സാഹചര്യത്തിന്റെ നടുവിൽ കർത്താവ് നമ്മുടെ കൂടെയുണ്ട്. സങ്കീ. 46:5 “ദൈവം അതിനെ അതികാലത്ത് തന്നെ സഹായിക്കും” എന്ന് വ്യക്തമാക്കിയിട്ടുണ്ട്. “നേരം പുലരുന്നതിനു മുമ്പുതന്നെ” എന്നാണ് മറ്റൊരു ഭാഷാന്തരത്തിലുള്ളത്. ജീവിതാന്ധകാരത്തിന്റെയും കൂരിരുൾ താഴ്വരയിൽ നാം ഉഴലുമ്പോൾ ദൈവം സൂര്യനായി ഉദയം ചെയ്യുന്നു. പ്രത്യാശയില്ലാത്തവന് പ്രത്യാശയാണ് ക്രിസ്തു. ഭീരുവിന് ധൈര്യമാണ്, ഉടയപ്പെട്ടവന് ഉറപ്പാണ്.



“ഒരിക്കലും പ്രത്യാശ കൈവിടരുത് ബലഹീനമായ നമ്മുടെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ചാൽ അവൻ നമ്മെ തന്റെ ബലമുള്ള ഭുജത്താൽ താങ്ങും”

മിക്കപ്പോഴും ജീവിതത്തിലെ പലവിധമായ അന്ധകാരവഴിയിലൂടെ ഉഴലുമ്പോൾ സകലവും അവസാനിച്ചു എന്ന തോന്നുമ്പോഴും ആ കൂരിരുളിലും പ്രകാശത്തിന്റെ പ്രത്യാശ പകരുവാൻ കഴിയുന്നവനാണ് ദൈവം. ഒരിക്കലും പ്രത്യാശ കൈവിടരുത്. ബലഹീനമായ നമ്മുടെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ചാൽ അവൻ നമ്മെ തന്റെ ബലമുള്ള ഭുജത്താൽ താങ്ങും. അവനായി കാത്തിരുന്നാൽ നമ്മുടെ അന്ധകാരത്തെ അവൻ പ്രകാശമാക്കും, മരുഭൂമിയെ മലർവാടിയാക്കി മാറ്റും.

പലവിധ സങ്കീർണ്ണമായ പ്രശ്ന പ്രതികൂലങ്ങളിൽ ഒരു ഉറച്ച തീരുമാനം എടുക്കാൻ കഴിയാതെ നിങ്ങളുടെ മനസ്സ് കുഴഞ്ഞു മറിയുമ്പോൾ “മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവീൻ” (സങ്കീ 46:10) എന്ന വാക്യം ഓർത്തുകൊൾക. ദൈവത്താൽ സകലവും സാധ്യം. തങ്കൽ ആശ്രയിക്കുന്നവരെ കൈവിടാത്തവനാണ് നമ്മുടെ ദൈവം.

ക്രിസ്തീയ ജീവിതത്തിലെ സമൃദ്ധിയായ ജീവൻ ഒരു യാഥാർത്ഥ്യം തന്നെയാണ്; എന്നാൽ പ്രശ്ന കലുഷിതമായ ഈ ലോകത്തിൽ ദൈവം നമുക്ക് അടുത്ത തുണ തന്നെ. ക്രിസ്തുവിൽ അഭയം പ്രാപികുന്നവർക്ക് എന്നും കരുതലും സ്നേഹവും ഉണ്ട്. “എന്തു സമാധാനവും സന്തോഷവുമാണ് നമുക്കുള്ളത്. പിന്നെന്തിനാണ് നാം ആവശ്യമില്ലാത്ത ഭാരവും പേറി നടക്കുന്നത്. എല്ലാം നാം പ്രാർത്ഥനയിലൂടെ യേശുവിനോട് അറിയിക്കാത്തതുകൊണ്ട് തന്നെയാണ് (എന്തു നല്ലോർ സഖിയേശു) – സഹോ. മൈക്കിൾ സ്മിത്ത്

**ഈ ലക്കത്തിൽ പ്രതിപാദിച്ചിരിക്കുന്ന ബുക്കുകൾ ഡൗൺലോഡ് ചെയ്യുവാൻ**

www.churchofgodeveninglight.org

RAYS OF HOPE
THE SECRET OF THE SINGING HEART
HEART TALKS

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



"വീണു എങ്കിലും ഞാൻ വീണ്ടും എഴുന്നേൽക്കും. ഞാൻ ഇരുട്ടത്ത് ഇരുന്നാലും എന്റെ ദൈവം പ്രകാശമായിരിക്കും" – മീഖ. 7:8

പിതാവിന്റെ സ്നേഹം പ്രദർശിപ്പിക്കാനത്രെ പുത്രനായ ക്രിസ്തു ഈ ലോകത്തേക്ക് വന്നത്. ഇന്ന് മനുഷ്യൻ അഭിമുഖീകരിക്കുന്ന വേദന, ദുഃഖം, കഷ്ടപ്പാടു മുഴുവനും യേശു തന്റെ ശരീരത്തിൽ അവൻ വഹിച്ചു. ആത്മീയ അന്ധകാരം ബാധിച്ച മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്തു രക്ഷിപ്പാനായി യേശു ഈ ലോകത്തേക്ക് താണിറങ്ങിവന്നു.

പാപത്തിൽ നിന്നുമുള്ള വീണ്ടെടുപ്പിനുശേഷവും നാം പാപകലുഷിതമായ ഈ ലോകത്തോട് പോരാടേണ്ടതായുണ്ട്. ഈ ലോകത്തിലെ ശത്രു വീണ്ടും നിരാശയും മോഹഭംഗവും കൊണ്ടുവന്നു നമ്മെ പ്രലോഭിപ്പിക്കുന്നവനാണ്. ക്രൂശിന്റെ മറവിൽ മറഞ്ഞുനിന്നുകൊണ്ട് കർത്താവിൽ ആശ്രയിച്ച് നാം അവനെ ജയിക്കണം.

"കഷ്ടകാലങ്ങളിൽ" എന്നതാണ് ഇത്തവണത്തെ നമ്മുടെ പ്രതിപാദ്യ വിഷയം. നാം രക്ഷിക്കപ്പെട്ടു ക്രിസ്തുവിലായപ്പോഴും ക്രിസ്തുവിലുള്ള സന്തോഷം അനുഭവിച്ചുകൊണ്ട് ഈ ലോകത്തിലുള്ള കഷ്ടതകളെ അഭിമുഖീകരിപ്പാൻ ശക്തരാകണം. സ്വർഗ്ഗീയ രാജ്യത്തിൽ ചെല്ലുന്നതുവരെ നാം ഈ കഷ്ടതകളെ അഭിമുഖീകരിക്കണം.

നാം ജയജീവിതത്തെക്കുറിച്ച് പ്രസംഗിക്കുന്നതോടൊപ്പം ദൈവകൃപയാൽ ജീവിക്കുകയും ചെയ്യുന്നു. എങ്കിലും അനേകർ ആന്തരീകസമ്മർദ്ദം മൂലവും ബാഹ്യപ്രലോഭനംമൂലവും അന്ധകാരശക്തിയുടെ പിടിയിലമർന്നുകൊണ്ട് വീണുപോകുന്നു. ദൈവത്തിനായി ജീവിക്കുക എന്ന പോരാട്ടത്തിൽ വികാരചിത്തരായി മിക്കവരും തളർന്നുപോകുന്നു. ജീവിതയാഥാർത്ഥ്യങ്ങളും അവയുടെ പോരാട്ടങ്ങളും ഞാൻ വിസ്മരിക്കുന്നില്ല.

ജീവിതത്തിലെ കഷ്ടതകളുടെയും പ്രതിസന്ധികളുടെയും പാതയിൽ കലങ്ങുന്നവർക്കായുള്ള മുൻ ലക്കങ്ങളിൽ നിന്നും വ്യത്യസ്തത പുലർത്തുന്ന ഒരു പ്രത്യേക പംക്തിയാണിത്. പ്രോത്സാഹനത്തിന്റെയും പ്രത്യാശയുടെയും വാഗ്ദാനങ്ങളാൽ നമുക്ക് കഷ്ടതകളെ അതിജീവിക്കുവാൻ കഴിയും. എന്റെ വ്യക്തിപരമായ ജീവിതത്തിലും ചില സന്ദർഭങ്ങൾ പ്രതികൂലത്തിന്റെ ഇരുട്ടിൽ ഞാനും പകെച്ചുനിന്നുപോയിട്ടുണ്ട്. എന്നാൽ അപ്പോഴെല്ലാം ക്രിസ്തുവിന്റെ ശക്തമായ സാന്നിദ്ധ്യവും അഭയവും എനിക്ക് അനുഭവിക്കുവാനും സാധിച്ചിട്ടുണ്ട്. ആന്തരീക സൗഖ്യം ഞാനറിഞ്ഞു. ദൈവീക സ്നേഹം ഞാൻ രുചിച്ചു. മുമ്പൊരിക്കലും അറിഞ്ഞിട്ടില്ലാത്തവിധം ദൈവസ്നേഹത്താൽ ബന്ധിതനായതു ഞാനോർക്കുന്നു.

കഴിഞ്ഞ തലമുറയിൽ കണ്ടിട്ടില്ലാത്ത വിധത്തിലുള്ള സമ്മർദ്ദങ്ങളും സങ്കീർണ്ണമായ പ്രശ്നങ്ങളും, ഇന്നത്തെ നമ്മുടെ കുഞ്ഞുങ്ങളും യുവജനങ്ങളും അഭിമുഖീകരിക്കുന്നുണ്ട്. പ്രതികാര ചിന്തയോടെ പ്രായഭേദമെന്യേ ശത്രു ആക്രമണം അഴിച്ചുവിടുന്നുണ്ട്. എങ്കിലും ശത്രുവിന്റെ ശക്തിയെക്കാൾ നമ്മുടെ ദൈവകരങ്ങൾക്ക് ശക്തിയുണ്ട്. ദൈവീക വെളിച്ചം ഉളവർക്ക് മാത്രമേ അതു കാണാൻ കഴിയൂ എന്നു മാത്രം രക്ഷിക്കപ്പെട്ട ദൈവജനം ഇത്തരത്തിലുള്ള ആന്തരീക പോരാട്ടത്തെക്കുറിച്ചോർത്ത് ലജ്ജയോടുകൂടി അത് തുറന്ന് ചർച്ച ചെയ്യാൻപോലും മടിക്കുന്നു. നമ്മുടെ ദൈവം തന്നെയാണ് സകലത്തിലും പരിഹാരകൻ. 'കഷ്ടകാലത്ത് അവൻ നമ്മുടെ ബലം തന്നെയാണ്." (സങ്കീ. 37:39) അന്ധകാരശക്തിയുടെ ആക്രമണത്തിൽ മുറിവേറ്റ് എല്ലാ ആത്മാക്കളെയും ഓർത്തു ഞാൻ പ്രാർത്ഥിക്കയും വചനത്താൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

ദൈവം വിശ്വസ്തൻ, നാം ഒറ്റക്കല്ല, ഒത്തിരിസ്നേഹത്തോടെ,

**മൈക്കിൾ ഡബ്ല്യു സ്മിത്ത്**

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org



"സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും ഉഷസിലോ ആനന്ദഘോഷം വരുന്നു"
(സങ്കീ. 30:5)

# കഷ്ടകാലങ്ങളിൽ

*അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറയ്ക്കും. പാറമേൽ എന്നെ ഉയർത്തും. – സങ്കീർത്തനങ്ങൾ 27:5*

## യഹോവ നിന്നെ സ്നേഹിക്കുന്നു.

യഹോവ ദൂരത്തുനിന്ന് എനിക്കു പ്രത്യക്ഷനായി അരുളി ചെയ്തത്: നിത്യസ്നേഹം കൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ട് ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു – യിരെമ്യാവ് 31:3.

ക്രിസ്തുയേശുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിച്ചിരിക്കുന്നു. മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിലുള്ളതിനോ ആഴത്തിലുള്ളതിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുവാൻ കഴിയുകയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു. റോമർ 8: 35–39.



## യഹോവ ദയ ഉള്ളവനാകുന്നു

നാം മുടിഞ്ഞുപോകാതിരിക്കുന്നത് യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ. അതു രാവിലെ തോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു – വിലാപങ്ങൾ 3:22 – 23

## യഹോവ പ്രാർത്ഥന കേൾക്കുന്നു

ഈ എളിയവൻ നിലവിളിച്ചു; യഹോവ കേട്ടു; അവന്റെ സകല കഷ്ടങ്ങളിൽ നിന്നും അവനെ വിടുവിച്ചു – സങ്കീ. 34:6

## യഹോവ ഒരു അഭയസ്ഥാനം ആകുന്നു

യഹോവ പീഡിതന് ഒരു അഭയസ്ഥാനം; കഷ്ടകാലത്ത് ഒരഭയസ്ഥാനംതന്നെ – സങ്കീർത്തനങ്ങൾ 9:9.

## യഹോവ നിന്നെ ഉപേക്ഷിക്കുകയില്ല

ബലവും ധൈര്യവുമുള്ളവരായിരിപ്പിൻ; അവരെ പേടിക്കരുത്, ഭ്രമിക്കുകയുമരുത്; നിന്റെ ദൈവമായ യഹോവ തന്നെ നിന്നോടുകൂടെ പോരുന്നു; അവൻ നിന്നെ കൈവിടുകയില്ല ; ഉപേക്ഷിക്കുകയുമില്ല.. യഹോവ തന്നെ നിനക്കു മുമ്പായി നടക്കുന്നു; അവൻ നിന്നോടുകൂടെയിരിക്കും; നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല; നീ പേടിക്കരുത്, ഭ്രമിക്കുകയുമരുത് – ആവർ. 31: 6, 8.

## ദൈവം നിനക്കു സമാധാനം തരുന്നു

സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കുകയും അരുത് – യോഹന്നാൻ 14:27.

## യഹോവ നിന്നെ നയിക്കും

പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും – സദൃശ്യവാക്യങ്ങൾ 3:5–6

## ദൈവം ആശ്വസിപ്പിക്കുന്നു

മനസ്സലിവുള്ള പിതാവും സർവ്വാശ്വാസവും നല്കുന്ന ദൈവവുമായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്തപ്പെട്ടവൻ. ദൈവം നിങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസംകൊണ്ട് ഞങ്ങൾ യാതൊരു കഷ്ടത്തിലുള്ളവരെ ആശ്വസിപ്പിപ്പാൻ ശക്തരാകേണ്ടതിന് ഞങ്ങൾക്കുള്ള കഷ്ടങ്ങളിലൊക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.
– 2 കൊരിന്ത്യർ 1: 3–4

## ദൈവം വിശ്രാമം നല്കുന്നു

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.
– മത്തായി 11:28.

# ദൈവത്തിന്റെ വാഗ്ദത്തങ്ങൾ

### യഹോവ നവീകരിക്കും

അവൻ ക്ഷീണിച്ചിരിക്കുന്നവന് ശക്തി നല്കുന്നു; ബലമില്ലാത്തവനു ബലം വർദ്ധിപ്പിക്കുന്നു. ബാല്യക്കാർ ക്ഷീണിച്ചുതളർന്നു പോകും. യൗവനക്കാരും ഇടറിവീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും

– യെശയ്യാവ് 40: 29–31.

### ദൈവം കരുതും

എന്റെ ദൈവമേ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും – ഫിലി. 4:19.

### ദൈവം പരിഹാരവഴികൾ തുറക്കും.

മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നല്കിയിട്ടില്ല; ദൈവം വിശ്വസ്തൻ നിങ്ങൾക്കു കഴിയുന്നതിനും മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും.

– 1 കൊരിന്ത്യർ 10:13.

### യഹോവയ്ക്ക് നിങ്ങളെക്കുറിച്ച് പദ്ധതികൾ ഉണ്ട്

നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്ന് ഞാൻ അറിയുന്നു; അവ തിന്മയ്ക്കല്ല നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്

– യിരമ്യ. 29:11.

### യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും.



അതിനു മോശെ ജനത്തോട് ഭയപ്പെടേണ്ട; ഉറച്ചു നില്പിൻ; യഹോവ ഇന്നു നിങ്ങൾക്കു വേണ്ടി ചെയ്തിരിക്കുന്ന രക്ഷ കണ്ടുകൊള്ളുവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരുനാളും കാണുകയില്ല. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു.

– പുറപ്പാട് 14: 13–14.

### ദൈവം നിങ്ങൾക്കു തുണ

ആകയാൽ കർത്താവ് എനിക്കു തുണ ; ഞാൻ പേടിക്കുകയില്ല; മനുഷ്യൻ എന്നോട് എന്തു ചെയ്യും എന്ന് നമുക്കു ധൈര്യത്തോടെ പറയാം.–എബ്രായർ 13:6.

### ദൈവം നിങ്ങളുടെ ബലം ആകുന്നു.

എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു

– ഫിലിപ്പിയർ 4:13

# നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന

അതിൽ നിങ്ങൾ ഇപ്പോൾ അല്പനേരത്തേക്ക് നാനാപരീക്ഷകളാൽ ദുഃഖിക്കേണ്ടിവന്നാലും ആനന്ദിക്കുന്നു. അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും (1 പത്രോസ് 1: 6 –7)


നാം ദൈവത്തോട് അടുത്തു നടന്നാൽ, നമ്മുടെ പരീക്ഷണങ്ങൾക്കിടയിലും, അവ കയ്പേറിയാതിയിരിക്കുമ്പോഴും, നമ്മുടെ ആത്മാവിന്റെ ആഴങ്ങളിൽ മധുരമായ സന്തോഷത്തിന്റെ ഒരു അടിയൊഴുക്ക് ഉണ്ട് എന്ന് നാം കണ്ടെത്തും. നാം കർത്താവിന്റേതാണെന്നും അവൻ നമ്മെ സ്നേഹിക്കുന്നുവെന്നും അവൻ നമ്മുടെ സഹായി ആണെന്നും ഉള്ള ബോധം നമ്മുടെ എല്ലാവരുടെയും ദുരിതങ്ങൾക്കിടയിൽ മനസ്സിലാകും. ഇതു ചിലപ്പോൾ പല തരത്തിലുള്ള സംശയങ്ങളാലും ഭയങ്ങളാലും ഒരു സമയത്തേക്ക് മറഞ്ഞിരിക്കാം. എന്നാൽ നാം അവന്റെ ചിറകിനടിയിൽ ഒളിച്ചിരിക്കുകയും സുരക്ഷിതമായി അവനിൽ ആശ്രയിക്കുകയും ചെയ്താൽ, വികാരങ്ങളുടെ ബഹളത്തിനിടയിലും നമ്മുടെ ആത്മാവിൽ സന്തോഷത്തിന്റെ കിന്നാരം മുഴങ്ങും. എന്നിരുന്നാലും അതിന്റെ ഈണത്തിന്റെ മൃദുവും മധുരവുമായ ഈണം കേൾക്കുവാൻ ചിലപ്പോൾ നാം ശ്രദ്ധാപൂർവ്വം ആയിരിക്കണം.

നിങ്ങളുടെ പരിശോധനകളിൽ ക്ഷമയോടെ ആയിരിക്കുക, ഒരു നല്ല സൈനികനെപ്പോലെ കാഠിന്യം സഹിക്കുക; വിശ്വാസത്തിന്റെ കവചം നിലനിർത്തുക. തക്കസമയത്ത് നിങ്ങളുടെ ആത്മാവ് വിജയത്തിന്റെ വിജയഗാനങ്ങൾ ആലപിക്കും. അവരുടെ ആനന്ദഗീതം മുഴക്കി നിങ്ങളുടെ നാഥനും രക്ഷകനുമായവനിൽ നിങ്ങളോടൊപ്പം സന്തോഷിപ്പിക്കുവാൻ ദൈവജനത്തെ വിളിക്കും.

– "ഹാർട്ട് ടോക്ക്സ്", സി. ഡബ്ല്യു. നെയ്‌ലർ.

# സംശയത്തിൽ നിന്നും നിങ്ങളുടെ ഹൃദയകവാടങ്ങൾ അടയ്ക്കുക.

**ഡി.ഒ. ടീസ്‌ലിയുടെ "പ്രതീക്ഷയുടെ കിരണങ്ങളിൽ" നിന്ന്**




ദൈവത്തെയും അവിടുത്തെ വചനത്തെയും സംശയിക്കുന്നത് പിശാച് അടിച്ചേല്പിക്കുന്ന ഒരു ശീലമാണ്; എത്രനേരം അതിൽ മുഴുകുന്നുവോ അത്രമാത്രം അത് ശക്തമാകുകയും ചെയ്യും. സംശയം ഒരു ഫലോദ്യാനത്തിലോ വയലിലോ നടക്കുവാൻ അനേകം ചാലുകൾ ഉള്ള പാതപോലെ തലച്ചോറിൽ ഒരു പാത അല്ലെങ്കിൽ ചാലുണ്ടാക്കുന്നു. കഠിനമായ പ്രതിരോധത്തിനും ദൈവശക്തിക്കുമല്ലാതെ സംശയിക്കുന്ന ഈ ചാലുകളെ മറികടക്കുവാനും തകർക്കുവാനും കഴിയുകയില്ല. വീണ്ടും ഞാൻ ആവർത്തിക്കുന്നു സംശയിക്കുന്നത് പിശാച് അടിച്ചേല്പിക്കുന്ന ഒരു ശീലമാണ്.

സംശയത്തിന്റെ ഏറ്റവും മോശമായ മുഖം ആത്മാവിനുവേണ്ടി ദൈവം ചെയ്തത് എന്തെന്ന് സംശയിക്കുന്നതാണ്. സ്ഥിരമായി സംശയിക്കുന്നവർ പലപ്പോഴും പ്രാർത്ഥിക്കുന്നവർ എങ്കിലും അവർ വിശ്വസിക്കുന്നില്ല. നിങ്ങളുടെ അനുഭവത്തെ സംശയിക്കുകയും നിങ്ങളുടെ ആത്മവിശ്വാസം ഇല്ലാതാക്കുകയും ചെയ്യുന്നതിൽ സാത്താൻ വിജയിക്കുകയാണെങ്കിൽ അവൻ ആത്മാവിലേക്ക് ഒരു കടന്നുകയറ്റവും നേടും. അത് പെട്ടെന്ന് അടച്ചില്ലെങ്കിൽ നീണ്ടുനില്ക്കുന്ന പ്രശ്നങ്ങൾക്കു കാരണമാകും. പ്രാർത്ഥനയിൽ നിന്ന് എഴുന്നേൽക്കുന്നതിനുമുമ്പ് അവരുടെ അനുഭവത്തെ സംശയിക്കുകയും ദൈവത്തോട് ക്ഷമ ചോദിക്കുകയും വീണ്ടും അത് ആവർത്തിക്കുകയും ചെയ്യുന്ന വ്യക്തികളെ എനിക്ക് അറിയാം. സംശയിക്കുന്ന ആത്മാക്കളും കുറ്റപ്പെടുത്തുന്ന ആത്മാക്കളും വളരെ അടുത്ത സഖ്യതയുള്ളവരും പലപ്പോഴും ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.


ചില ആളുകൾക്ക് സംശയിക്കുന്നത് ഒരു രണ്ടാം സ്വഭാവം ആയി മാറുകയും, സംശയിക്കുന്നത് വിശ്വസിക്കുന്നതിനെക്കാൾ എളുപ്പമുള്ളതായി തീരുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവർ സംശയിക്കുന്ന ആത്മാക്കളോട്, ചിലർ വഴിവാണിഭക്കാരോട് ഇടപെടുന്നതുപോലെ ഇടപെട്ടാൽ അവർ അധികം സങ്കോചപ്പെടുകയില്ല. ചില ആളുകൾ വഴിവാണിഭക്കാരന്റെ സാധനങ്ങൾ കാണുന്നതിൽ നിന്ന് അവരുടെ മുഖം തിരിച്ചുകളയും. ഇങ്ങനെ ആവർത്തിച്ചാൽ പിന്നീട് അവർ വരാതെയാകും.

സംശയങ്ങൾ സന്ദർശകരെപ്പോലെയാണ്. അവരെ രസിപ്പിച്ച് പരിഗണിച്ചാൽ അവർ നില്ക്കും; എന്നാൽ അവരെ പരിഗണിക്കാതെയും രസിപ്പിക്കാതെയുമിരുന്ന് ശാസിച്ചാൽ അവർ അധികം സമയം നില്ക്കുകയില്ല. പലപ്പോഴും മടങ്ങി വരികയുമില്ല. സംശയിക്കുന്ന ശീലത്തിന്റെ അശാന്തിയും പീഡനങ്ങളും സംശയമുള്ളവർക്ക് അഭിപ്രായം ആവശ്യമില്ലാത്തവിധം നന്നായി അറിയാം ■



# സൂര്യോദയത്തെ അഭിമുഖീകരിക്കുന്നു

**"പാടുന്ന ഹൃദയത്തിന്റെ രഹസ്യം" – സി ഡബ്ല്യു. നെയ്‌ലർ**



സൂര്യോദയത്തെ അഭിമുഖീകരിക്കുന്നതാണ് നല്ലത്. ഇരുട്ടിൽ പോലും പ്രഭാതം ഇപ്പോൾ വരുമെന്ന ഉറപ്പോടെ നമുക്ക് കിഴക്കോട്ട് അഭിമുഖീകരിക്കാം. പോയ പഴയ സുഹൃത്തുക്കൾക്കു പകരം പുതിയ സുഹൃത്തുക്കൾ ഉണ്ടാകും. നശിച്ചുപോയ പ്രതീക്ഷകൾക്കു പകരം പുതിയ പ്രതീക്ഷകൾ ഉണ്ടാകും. അപ്രത്യക്ഷമായവയ്ക്കു പകരം പുതിയ അവസരങ്ങൾ ഉണ്ടാകും. നമുക്കു സൂര്യാസ്തമയത്തിൽ നിന്ന ദൃഢനിശ്ചയത്തോടെ നോക്കാം. പ്രഭാതം വീണ്ടും പൊട്ടിപ്പുറപ്പെടുകയും മഹത്തായ വെളിച്ചം വീണ്ടും നമ്മിൽ പ്രകാശിക്കുകയും ചെയ്യും.

സൂര്യോദയത്തെ അഭിമുഖീകരിക്കുന്നത് പഠിക്കണം. സൂര്യാസ്തമനം അഭിമുഖീകരിക്കുന്നതാണ് പലരിലുമുള്ള സ്വഭാവികപ്രവണത. പ്രത്യാശയുള്ള ക്രിസ്ത്യാനിയാണ് സന്തോഷമുള്ള ക്രിസ്ത്യാനി. മെച്ചപ്പെട്ട കാര്യങ്ങൾക്കായി അവൻ മുന്നോട്ട് നോക്കുന്നു. അവൻ ഒരിക്കലും നിരാശനല്ല. നല്ല കാര്യങ്ങൾ ഒരിക്കലും ഭൂതകാലങ്ങളിൽ അല്ല. നഷ്ടപ്പെട്ട വസ്തുക്കൾ മാറ്റി സ്ഥാപിക്കാം. ഭാവിയിൽ നാം നേടുന്നതിന്റെ അളവ് മെച്ചപ്പെട്ടിരിക്കുന്നത് നാം അതിനെ കണ്ടുമുട്ടുന്ന രീതി, അതിനോടുള്ള നമ്മുടെ വീക്ഷണം, അതിനോടുള്ള നമ്മുടെ പ്രതികരണം, വിശ്വാസം എന്നിവയെ ആസ്പദമാക്കിയാണ് ■

# കഷ്ടതയിലും പാടുന്നവർ

**"പാടുന്ന ഹൃദയത്തിന്റെ രഹസ്യം" – സി.ഡബ്ല്യു.നെയ്‌ലർ**




ജീവിതത്തിന് അതിന്റേതായ പ്രതികൂലസാഹചര്യങ്ങൾ ഉണ്ട്. ജീവിതത്തിന് അവ ആവശ്യമാണ്. കഷ്ടത, വേദന, ദുഃഖം നിരാശ എന്നിവയാണ് ദൈവം നമ്മെ രൂപപ്പെടുത്തുന്ന കടച്ചിൽ യന്ത്രം.അതു നമ്മെ പൊടിക്കുകയും മിനുസപ്പെടുത്തുകയും ചെയ്യുന്ന ചാണക്കല്ലാണ്. അവ നമ്മിൽ തിളങ്ങുന്ന മിനുക്കുപണികൾ ചെയ്യുന്ന ചക്രങ്ങളാണ്. ഉള്ളതുകൊണ്ട് നാം സന്തുഷ്ടരാകാതിരുന്നാൽ ഒരിക്കലും നമുക്ക് സന്തോഷമായിരിക്കുവാൻ കഴിയുകയില്ല. അപ്പോൾ നമുക്കു ജീവിതത്തിൽ ചെറിയ സന്തോഷം മാത്രമേ ഉണ്ടാകുകയുള്ളു. അലസവും അനായാസവുമായ ജീവിതത്തിൽ നിന്നോ തടസ്സങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും അഭാവത്തിൽ നിന്നോ അല്ല സന്തോഷം ഉണ്ടാകുന്നത്, അവയുടെ മേൽ വിജയിക്കുന്നതിൽ നിന്നാണ് സന്തോഷം ഉണ്ടാകുന്നത്.

പ്രശ്നങ്ങൾ ഇല്ലാതിരിക്കുന്ന സമയങ്ങളിൽ പാടുന്നതിൽ നിന്ന് വ്യത്യസ്തമായി വിഷമ ഘട്ടങ്ങളിൽ നാം പാടുന്നു. വിശ്വസിക്കുവാൻ നാം ധൈര്യം കൂട്ടണം. ഇതു ചെയ്യുമ്പോൾ ദൈവത്തിന്റെ സഹായത്തിനുള്ള നമ്മുടെ ആത്മവിശ്വാസത്തിൽ നിന്ന് നമുക്ക് പാട്ടുകൾ പാടുവാൻ കഴിയും. നമ്മുടെ ഭയം അകറ്റുന്ന വിശ്വാസത്തിന്റെ പാട്ടുകൾ പാടാം. നമ്മുടെ മുന്നിലുള്ള വിജയത്തെ പ്രതീക്ഷയോടെ കാത്തുകൊണ്ടും ജീവിതയാത്രയുടെ അവസാനം ലഭിക്കുന്ന വിജയ കിരീടത്തെയും പ്രതീക്ഷിച്ചുകൊണ്ട് നമുക്ക് പാടാം. ദൈവത്തിന്റെ മുൻകാല കാരുണ്യകാലങ്ങളുടെ സ്മരണയിൽ നമുക്ക് പാടാം ■

## നിങ്ങളുടെ വിശ്വാസത്താൽ വികാരങ്ങളെ നിയന്ത്രിക്കുവാൻ ശീലിക്കുക.

"പാടുന്ന ഹൃദയത്തിന്റെ രഹസ്യം" – സി.ഡബ്ല്യു.നെയ്ലർ



നമ്മുടെ ക്രിസ്തീയ അനുഭവങ്ങളിൽ നമുക്ക് വിശ്വാസം ഉണ്ടായിരിക്കണം. നിരാശരായി സംശയിക്കുന്ന പലരേയും ഞാൻ കണ്ടിട്ടുണ്ട്. "എന്താണ് കാരണം" എന്ന് ഞാൻ അവരോട് ചോദിച്ചപ്പോൾ "കാര്യങ്ങൾ ശരിയല്ല എന്നു തോന്നുന്നു" എന്ന് അവരിൽ ചിലർ മറുപടി പറഞ്ഞു. "എന്താണ് നിങ്ങൾക്ക് കാര്യങ്ങൾ ശരിയായി തോന്നാത്തത് എന്ന് ചോദിക്കുമ്പോൾ ചിലരുടെ മറുപടി" അറിയില്ല പക്ഷേ എനിക്ക് ഒന്നും ശരിയായി തോന്നുന്നില്ല" എന്നാണ്. ഒരു പക്ഷേ നിങ്ങൾക്ക് എല്ലാം ശരിയായി തോന്നുകയില്ലായിരിക്കാം. പക്ഷേ എന്താണ്? നിങ്ങളുടെ വികാരങ്ങൾ നിങ്ങളുടെ ആത്മീയ അവസ്ഥയുടെ പരീക്ഷണമല്ല. അനന്തര ഫലങ്ങൾ ഒന്നുമില്ലെങ്കിലും ചിലർ വളരെ ചെറിയ തെറ്റുകളിൽ ശാരീരികമായി മോശം സ്ഥിതിയിലേക്ക് പോകും. മറ്റു ചിലർ മാരകമായ രോഗത്തിന്റെ പിടിയിൽ ആയിരുന്നാലും സന്തുഷ്ടരായിരിക്കും. ആത്മീകമായി അങ്ങനെ ആയിരിക്കുക. നിങ്ങളുടെ വികാരങ്ങളാൽ ദൈവവുമായുള്ള ബന്ധം എന്താണ് എന്ന് പറയുവാൻ കഴിയുകയില്ല. നിങ്ങളുടെ ആത്മീക നിലപാട് തെളിയിക്കുവാൻ നിങ്ങളുടെ വികാരങ്ങൾക്ക് കഴിയുന്നതല്ല. നാം വിശ്വാസത്തിൽ നിലനിന്ന്, വിശ്വാസം പ്രായോഗികമാക്കി, വിശ്വാസത്താൽ ജീവിക്കുവാൻ പഠിക്കണം. നാം നമ്മെത്തന്നെ നീതിയോടെ വിധിക്കണം. നിങ്ങളുടെ വികാരങ്ങൾ നിങ്ങളുടെ വിശ്വാസത്തെ നിയന്ത്രിക്കുവാൻ അനുവദിക്കരുത്. നിങ്ങളുടെ വിശ്വാസത്താൽ നിങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കുക. പൊതുവെ നിങ്ങൾ ശരിയെന്ന് വിശ്വസിക്കുമ്പോൾ നിങ്ങൾ സന്തുഷ്ടർ ആകുന്നു; എന്നാൽ പലപ്പോഴും യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമാകേണ്ട വിശ്വാസം വികാരങ്ങൾക്ക് വിധേയപ്പെടുന്നു. നിങ്ങൾക്ക് എന്തു തോന്നുന്നു എന്നത് അത്ര പ്രധാനപ്പെട്ട കാര്യമല്ല. നിങ്ങൾ എങ്ങനെയിരിക്കുന്നു? അത് നിങ്ങളുടെ വിശ്വാസത്താൽ ക്രമീകരിക്കേണ്ട കാര്യമാണ്. തികച്ചും നിങ്ങളുടെ വികാരങ്ങളിൽ നിന്ന് മാറി; നിങ്ങൾ ക്രമീകരിക്കപ്പെടുമ്പോൾ തെളിവിനായി നിങ്ങളുടെ വികാരങ്ങളെ ചോദ്യം ചെയ്യപ്പെടാതെ വിടുവാൻ കഴിയും. ഓരോ ദിവസവും നമ്മുടെ ജീവിതത്തിൽ വിശ്വാസത്തിന്റെ നിർമ്മാണ ഘടകങ്ങൾ കെട്ടിപ്പടുക്കുന്നതിനുള്ള ഒരു ശീലനം നാം ഉണ്ടാക്കണം. അല്ലാതെ സംശയങ്ങളും ഭയങ്ങളും ഉത്കണ്ഠകളും അല്ല കെട്ടിപ്പൊക്കേണ്ടത്. വിശ്വാസത്തിന്റെ നിർമ്മാണഘടകങ്ങൾ ധാരാളം ഉണ്ട്. വിശ്വാസത്തിന്റെ ഈ ഘടകങ്ങൾ ഉപയോഗിച്ച് നാം പണിതുയർത്തുമ്പോൾ നാം ഹൃദയത്തിൽ നിന്ന് പാടുവാൻ പഠിക്കുന്നു – സന്തുഷ്ടവും സന്തോഷകരവുമായ ഒരു ക്രിസ്തീയ ജീവിതത്തിന്റെ അനുഭവവും, ഭാവിയെക്കുറിച്ചുള്ള ഉറപ്പും, വർത്തമാനകാലത്തും അതിലും വലിയ നിശ്ചയവും നേടുവാൻ കഴിയും ■

## പരാജയത്തിൽ നിന്നാണ് വലിയ വിജയങ്ങൾ ഉണ്ടാകുന്നത്.

"പാടുന്ന ഹൃദയത്തിന്റെ രഹസ്യം." സി.ഡബ്ല്യു.നെയ്ലർ



എന്തെങ്കിലും തരണം ചെയ്യുവാൻ നിങ്ങൾ വീണ്ടും വീണ്ടും ശ്രമിച്ചിട്ടും അത് നിങ്ങളെ ബുദ്ധിമുട്ടിലാക്കുന്നുണ്ടോ? ശരി, പൗലൊസിന് അത്തരം ഒരു അനുഭവം ഉണ്ടായി. തീർച്ചയായും "ജഡത്തിലെ ശൂലം എന്നു പരാമർശിച്ചിരിക്കുന്നത് നിങ്ങൾ ഓർക്കുന്നുണ്ടാകും. പൗലൊസ് അതിൽ നിന്നു രക്ഷപ്പെടുവാൻ ശ്രമിച്ചു. പക്ഷേ കർത്താവ് ആ ശൂലം എടുത്തുകളഞ്ഞില്ല. അവിടുന്നു പറഞ്ഞു "എന്റെ കൃപ നിനക്കു മതി".


ചിലപ്പോൾ നമ്മെത്തന്നെ പരാജയങ്ങളായി കാണുവാൻ പ്രലോഭിക്കപ്പെടുന്നു. നമുക്ക് എല്ലാവർക്കും നമ്മുടെ പ്രതീക്ഷകൾക്കും ആശകൾക്കും ധാരാളം കുറവുള്ളവരാണ്. എന്തായാലും ഒരു കാര്യം ഉറപ്പാണ്. സാഹചര്യങ്ങൾക്കു കീഴടങ്ങാതെയും പോരാട്ടം ഉപേക്ഷിക്കാതെയും ഇരിക്കുന്നുവെങ്കിൽ നാം ഒരിക്കലും പരാജിതരാകുകയില്ല. ചിലപ്പോൾ പരാജയത്തിൽ നിന്നാണ് ഏറ്റവും വലിയ വിജയം ഉണ്ടാകുന്നത്. ഏറ്റവും വലിയ പരാജയങ്ങൾ എന്നു തോന്നുന്നത് ഏറ്റവും വലിയ വിജയങ്ങളായി തെളിയുന്നു.

നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ നിങ്ങൾക്ക് ആകുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങൾക്ക് ആകുവാൻ കഴിയുന്നത് ആകുക. അതിൽ ലജ്ജിക്കരുത്. നിങ്ങൾ ചെയ്യുന്നതിൽ നിന്ന് തെറ്റുകളോ അപൂർണ്ണതകളോ നിങ്ങളെ തടയുവാൻ അനുവദിക്കരുത്.

നിങ്ങൾക്ക് ആകുവാൻ കഴിയുന്ന പുരുഷനോ സ്ത്രീയോ ആകുക. നിങ്ങളുടെ തല ഉയർത്തി ലോകത്തേയും സാഹചര്യങ്ങളെയും നോക്കി നിങ്ങളുടെ പുരുഷത്വമോ സ്ത്രീത്വമോ ഉറപ്പിക്കുക. "ഞാൻ പരാജയപ്പെട്ടു, പക്ഷേ ഞാൻ ഒരു പരാജയമല്ല, ഞാൻ വിജയിക്കും" എന്നു പറയുക.

ആളുകൾക്ക് കുടുംബപ്രശ്നങ്ങൾ, ബിസ്സിനസ് തകർച്ച, കടങ്ങൾ, ശാരീരിക വൈകല്യങ്ങൾ തുടങ്ങി അനവധി കാര്യങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരുന്നു. പക്ഷേ ചരിത്രത്തിലെ മഹത്തായ പേരുകൾ നോക്കുക, അവരിൽ എത്രപേർ തങ്ങളെക്കാൾ ഉയർന്ന പദവിയിലേക്ക് ആത്മാവിലേക്ക് വിജയത്തോടെ നയിച്ചു എന്ന് കാണുക.

നിങ്ങളുടെ ജീവിത്തിൽ സഹായിപ്പാൻ കഴിയാത്ത ഏതെങ്കിലും കുന്നിൽ ഇറുകിപ്പിടിച്ചിരുന്ന്, കൈകൾ കൂപ്പി, വിലപിച്ച് ദിവസങ്ങൾ ചെലവഴിക്കരുത്. അത് പരമാവധി പ്രയോജനപ്പെടുത്തുക. ഒരു വഴി ഉണ്ട്, ആ വഴി വിജയത്തിലേക്കും ഉയർച്ചയിലേക്കും നയിക്കും ■



"എന്റെ ഉള്ളം ദൈവത്തെ നോക്കി മൗനമായിരിക്കുന്നു; എന്റെ രക്ഷ അവനിൽ നിന്നുവരുന്നു. അവൻ തന്നെ എന്റെ പാറയും എന്റെ രക്ഷയും ആകുന്നു; എന്റെ ഗോപുരം അവൻ തന്നെ; ഞാൻ ഏറെ കുലുങ്ങുകയില്ല." സങ്കീർത്തനങ്ങൾ 62: 1-2

Printed matter only
**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

പഴയനിയമത്തിലെ "വിശ്വാസവീരന്മാർ" വളരെ കഷ്ടതയിലൂടെ വന്നവരാണ്. പുതിയ നിയമത്തിലെ അപ്പൊസ്തലന്മാരിൽ യോഹന്നാൻ ഒഴികെ എല്ലാവരും രക്തസാക്ഷികളായിത്തീർന്നു. "മഹാകഷ്ടത്തിൽ നിന്നും" വന്നവർ (വെളി. 7:14) സ്വർഗ്ഗത്തിലെ സിംഹാസനത്തിന് ചുറ്റും വന്നുകൂടും. കഷ്ടതയും ഉപദ്രവവും ക്രിസ്തീയ ജീവിതത്തിന്റെ ഒരു ഭാഗം തന്നെയാണ്.

**തക്കസമയത്ത് പറഞ്ഞ വാക്ക്**

# മറ്റുള്ളവരെ ശക്തീകരിക്കുവാൻ ആവശ്യമായ ശക്തിയാണ് കഷ്ടത നമുക്ക് നൽകിത്തരുന്നത്.

**"ഹാർട്ട് ടോക്ക്സ്", സി. ഡബ്ല്യു. നെയ്ലർ.**

*"ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസം കൊണ്ടു ഞങ്ങൾ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പാൻ ശക്തരാകേണ്ടതിന് ഞങ്ങൾക്കുള്ള കഷ്ടത്തിലൊക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു." - 2 കൊരി 1: 3-4*

എന്നെ ദൈവം തന്റെ വേലയ്ക്ക് വിളിച്ചശേഷവും എന്റെ ജീവിതത്തിൽ നിരവധി പ്രശ്നങ്ങളെ എനിക്ക് അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ട്. പലപ്പോഴും മാനസീകമായി ഞാൻ ഒരുപാട് തളരുകയും നിരാശപ്പെടുകയും ചെയ്യുന്ന അവസ്ഥപോലും വന്നിട്ടുണ്ട്. അപ്പോഴെല്ലാം ഞാൻ മുൻകാലങ്ങളിൽ ദൈവം നടത്തിയ വഴികളെ ഓർത്തു സ്തോത്രം ചെയ്തു. അതിനെയെല്ലാം അതിജീവിച്ചു പോകുകയാണുണ്ടായത്. എന്നാൽ പിന്നീട് ഇതേ വിധത്തിൽ കുഴങ്ങിയ പലരേയും മനസ്സിലാക്കുവാനും അവരെ കൈപിടിച്ചുയർത്തുവാനും അവരെ ദൈവസന്നിധിയിൽ ഉറപ്പിക്കുവാനും എനിക്ക് അപാരമായ കഴിവ് അഥവാ കൃപ സ്വായത്തമായത് ഞാൻ തിരിച്ചറിഞ്ഞു. മറ്റുള്ളവരെ അപ്രകാരം സഹായിക്കുവാനായിരുന്നു എന്നെ ദൈവം അത്രയും കഷ്ടത അനുവദിച്ചത് എന്നുള്ള സത്യം ഞാൻ പിന്നീട് മനസ്സിലാക്കി. അതെന്നെ കൂടുതൽ ദൈവസ്നേഹം ഉള്ളവനാക്കിത്തീർത്തു. സൗമ്യതയോടെ ദൈത്തിൽ നിന്നും ഗ്രഹിക്കാവുന്ന ആത്മീയ സത്യങ്ങളാണിവ. ആയിരംപൊൻ വെള്ളിനാണ്യത്തെക്കാൾ ഞാൻ കഷ്ടതയിൽ ആയത് എനിക്ക് ഗുണമായി മാത്രമല്ല സമാന അനുഭവത്തിലൂടെ പോകുന്നവർക്ക് ഞാൻ ഒരു സഹായകനുമായി. "നാം അവനോടുകൂടെ സഹിച്ചു എങ്കിൽ അവനോടുകൂടെ വാഴും" എന്നാണ് ദൈവത്തിന്റെ വാഗ്ദാനം.



ഉന്നതമായ യാഗപരിശോധനയിലൂടെ അബ്രഹാം കഷ്ടത അനുഭവിച്ചു. (തന്റെ മകൻ യിസ്സഹാക്ക്) എന്നാൽ അനേകായിരം ആത്മാക്കൾക്ക് അത് വിശ്വസ്തതയുടെ ഗുണപാഠമായി ഭവിച്ചു. അതുപോലെതന്നെ ഇയ്യോബ് തന്റെ കഷ്ടത ശാരീരികം മാത്രമായിരുന്നില്ല മാനസീകമായും എത്ര വ്യഥകൾ താൻ അനുഭവിച്ചു. ദൈവത്തിന്റെ മനസ്സലിവും ദയയും വെളിപ്പെടുത്തുവാനുള്ള ഏക പോംവഴിയത്രെ കഷ്ടത. ഇരുണ്ട കാലഘട്ടത്തിൽ കൂടി ഇയ്യോബ് കടന്നുപോയ അവസ്ഥ എത്രയോ വേദനാജനകമായിരുന്നു. ചുട്ടുപൊള്ളുന്ന എത്രയോ ആത്മീയ പാഠങ്ങൾ താൻ ഗ്രഹിച്ചിട്ടുണ്ടാകണം. സന്തോഷവേളകളിൽ അവ വേണ്ടത്ര ഉൾകൊള്ളാൻ കഴിഞ്ഞു എന്നു വരില്ല. "സകലതും നമ്മുടെ നന്മയ്ക്കായി" കൂടി വ്യാപിരിപ്പിക്കുന്ന ദൈവത്തെ മുറുകെ പിടിക്കാം. കഷ്ടതയിൽ സഹിഷ്ണത കാണിക്കാം. "നിന്റെ ഗെദ്സെമനാപാനപാത്രം കുടിക്കുക, പരാതിപ്പെടാതെ നിന്റെ മുൾകിരീടം വഹിക്കുക, നിന്റെ കാൽവറി സഹിക്കുക. എന്തെന്നാൽ അവനോടു കൂടെ സഹിച്ചാൽ അവനോടു കൂടെ വാഴാം ■

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**